
ഓം നമഃശിവായ

ശ്രീ മഹാദേവക്ഷേത്രം–തലോർ

തൃശ്ശൂർ–680306, Ph: 0487 2082550, 8921970414



തിരുവാതിര- പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
1202 ധനു 4 മുതൽ 10 ഉൾപ്പെടെ

"ശിവം ശിവകരം ശാന്തം
ശിവാത്മാനം ശിവോത്തമം
ശിവമാർഗ്ഗ പ്രണേതാരം
പ്രണതോസ്മി സദാശിവം"

ഓം നമ:ശിവായ



തിരുവാതിര-പുണർതം തിരുത്സവം



2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

ഭക്തജനങ്ങളെ.,

പ്രസിദ്ധമായ തലോർ ശ്രീ മഹാദേവ ക്ഷേത്രത്തിലെ തിരുവാതിര-പുണർതം തിരുവുത്സവം 2026 ഡിസംബർ 19 ശനി മുതൽ 2026 ഡിസംബർ 25 വെള്ളി ഉൾപ്പെടെ (1202 ധനു 4 മുതൽ 10 ഉൾപ്പെടെ) 7 ദിവസങ്ങളിലായി ചിട്ടയോടും, ഭക്തിനിർഭര മായ ചടങ്ങുകളോടും, കലാസാംസ്കാരിക പരിപാടികളോടും കൂടി ആഘോഷി ക്കുവാൻ തീരുമാനിച്ച വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

തികച്ചും ഗ്രാമീണ പശ്ചാത്തലത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രം പ്രായഭേദമന്യേ എന്നും ഭക്തജനങ്ങളുടെ മനസ്സിന് ചൈതന്യവത്തായ ഓജസ്സ് പകർന്നു കൊണ്ടിരിക്കുന്നു. ഇപ്പോഴും ക്ഷേത്രത്തിന്റേതായ ആചാരങ്ങളും പൂജകളും തന്ത്രി കുടുംബമായ എളങ്ങള്ളൂർ മനയുടെ നേതൃത്വത്തിൽ അനു വർത്തിച്ചു പോരുന്നു.

തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ എളങ്ങള്ളൂർ കൃഷ്ണദാസ് നമ്പൂതിരിയുടെ നിർദ്ദേ ശത്തോടുകൂടി പ്രവർത്തിക്കുന്ന ശിവക്ഷേത്ര സേവാ സമിതിയുടേയും, ഉത്സവ ആഘോഷ കമ്മിറ്റിയുടേയും,, ശിവ-പാർവ്വതി മാതൃസമിതിയുടേയും, കൂടാതെ എല്ലാ ഭക്തജനങ്ങളുടേയും ആത്മാർത്ഥമായ സഹകരണത്തോടും കൂടിയാണ് ക്ഷേത്ര ത്തിന്റെ നിത്യനിദാന ആഘോഷ പ്രവർത്തനങ്ങൾ നടന്നുവരുന്നത് എന്ന് അറിയി ക്കുന്നതിൽ ശിവക്ഷേത്ര സേവാസമിതിയ്ക്ക് അതിയായ സന്തോഷമുണ്ട്.



ശ്രീ മഹാദേവ ക്ഷേത്രം
SREE MAHADEVA TEMPLE

@SREE.MAHADEVATEMPLE_THALORE

@sree.mahadevatemple-thalore

ഓം നമ:ശിവായ



തിരുവാതിര-പുണർതം തിരുത്സവം



2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

ഉത്സവദിനങ്ങളിലെ പ്രധാന വഴിപാടുകളാണ് വിശേഷാൽ പൂജ, ഉമാമഹേശ്വര പൂജ, ത്രികാലപൂജ, പട്ടും-താലിയും ചാർത്തൽ, പുടവ സമർപ്പണം, സർവ്വൈശ്വര്യപൂജ എന്നിവ. തിരുവാതിര-പുണർതം നാളുകൾ വരുന്ന (2026 ഡിസംബർ 24 വ്യാഴം, 25 വെള്ളി) ദിവസങ്ങളിൽ ദേവനേയും ദേവിയേയും പുറത്തേക്കെഴുന്നെള്ളിച്ച് പ്രത്യേകം അലങ്കരിച്ച മണ്ഡപത്തിൽ ഒന്നിച്ചിരുത്തുന്ന അപൂർവ്വ അവസരത്തിൽ ഭക്തജനങ്ങൾക്ക് കാണിക്കയിട്ട് തൊഴുത് നമസ്ക്കരിക്കുന്നതിനും, തിരുനടയിൽ നിറപറ വെയ്ക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠകളായ ശിവനും, ശങ്കരനാരായണനും, ശ്രീപാർവ്വതി ദേവിയും, ഉപപ്രതിഷ്ഠകളായ ഗണപതിയും, ശാസ്താവും, ഭദ്രകാളിയും, നാഗങ്ങളും ഈ ക്ഷേത്രത്തിന്റെ ശക്തി വൈഭവം അതിന്റെ പാരമ്യതയിലെത്തിക്കുന്നു. എല്ലാ മുപ്പട്ട് വ്യാഴാഴ്ചയും ശങ്കരനാരായണന് ഇടിച്ചു പിഴിഞ്ഞ പായസവും, വൈകിട്ട് ചന്ദനം ചാർത്തലും പ്രത്യേക വഴിപാടായി നടന്നുവരുന്നു. ഉപദേവതയായ ഭദ്രകാളിക്ക് ഏറ്റവും പ്രധാന വഴിപാടായ "പൂമൂടൽ" ഭക്തിനിർഭരമായ ചടങ്ങാണ്. തിരുവുത്സവ നാളുകളിൽ ക്ഷേത്രദർശനം നടത്തി പൂജാദികർമ്മങ്ങളിൽ പങ്കെടുത്ത് ക്ഷേത്രത്തിലെ ആത്മീയമായ ചൈതന്യത്തിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകണമെന്ന് ഒന്നുകൂടി എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

നാടിന്റെയും, നാട്ടുകാരുടേയും സർവ്വൈശ്വര്യത്തിനുവേണ്ടി നടത്തുന്ന ഈ മഹോത്സവത്തിന്റെ ഭാഗമായ വിശേഷാൽ പൂജകളിലും, മറ്റുവഴിപാടുകളിലും എല്ലാ ഭക്തജനങ്ങളുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമഹാദേവന്റെയും, ശ്രീപാർവ്വതി ദേവിയുടേയും അനുഗ്രഹത്തോടെ,

ശിവക്ഷേത്ര സേവാസമിതി-തലോർ

ഉത്സവത്തിന്റെ അവസാന മൂന്ന് നാളുകളിൽ (23,24,25) പ്രസാദഊട്ട് ഉണ്ടായിരിക്കുന്നതാണ്.

എണ്ണ സമർപ്പണം: 2000 രൂപ, നെയ്യ് സമർപ്പണം : 3000 രൂപ
അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവ സ്പോൺസർ ചെയ്യാവുന്നതാണ്.



ക്ഷേത്രം ഫോൺ:
0487 2082550, 8921970414
Sivakshethra Sevasamithi Current A/C No: 41119425017
ബാങ്ക് : SBI തലോർ, IFS Code : SBIN 0070470
Email:sevasamithithalore@gmail.com
www.sreemahadevatemplethalore.com

ഓം നമ:ശിവായ



തിരുവാതിര-പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)



ശിവക്ഷേത്ര സേവാസമിതി ഭരണസമിതി അംഗങ്ങൾ

പ്രസിഡന്റ്	സെക്രട്ടറി	ട്രഷറർ
ഇ.വി. കൃഷ്ണൻ നമ്പൂതിരി	സി. ദേവദാസ്	സി.രാധാകൃഷ്ണൻ
94470 53972	70121 96529	98954 45075

വൈസ് പ്രസിഡന്റ്മാർ

ഇ.പി. ഗിരീശൻ നമ്പൂതിരി, എസ്. സുധാകരൻ നായർ

ജോയിന്റ് സെക്രട്ടറിമാർ	ജോയിന്റ് ട്രഷറർമാർ
കെ.ആർ. ബാബു, കെ. രവീന്ദ്രൻ	പി. കൃഷ്ണകുമാർ, പി.എൻ.പ്രകാശൻ

കമ്മിറ്റി അംഗങ്ങൾ

ടി.എൻ. നിഷാന്ത്, കെ.ബി. മോഹനൻ, സി. ഉണ്ണികൃഷ്ണൻ, എം. കൃഷ്ണകുമാർ
എം. രാംകുമാർ, കെ.ആർ. മനോഹരൻ, കെ.ആർ. സുരേഷ്, സംഗീത് രാജ്
ടി.വി. ജയപ്രകാശ്, ഒ. മനോജ്, കെ. വാസന്തി, ടി.വി. ഗിരിജ

ആഘോഷ കമ്മിറ്റി അംഗങ്ങൾ

ജനറൽ കൺവീനർ	:	സി. ദേവദാസ്
ജോ. കൺവീനർ	:	കെ.ആർ. ബാബു, പി.എൻ.പ്രകാശൻ
ഫിനാൻസ് കൺവീനർ	:	സി. രാധാകൃഷ്ണൻ, പി.കൃഷ്ണകുമാർ
കൗണ്ടർ കൺവീനർ	:	സുധാകരൻ നായർ, സി. രാധാകൃഷ്ണൻ
പ്രോഗ്രാം കൺവീനർ	:	എം.രാംകുമാർ, കെ.ബി.മോഹനൻ ശ്രീജ രാധാകൃഷ്ണൻ
പബ്ലിസിറ്റി കൺവീനർ	:	ടി.എൻ.നിഷാന്ത്, കെ.ബി. മോഹനൻ, എം. രാംകുമാർ
അലങ്കാരം കൺവീനർ	:	ഒ.മനോജ്, കെ.ആർ സുരേഷ്, കെ.ആർ. ബാബു
ഭക്ഷണം കൺവീനർ	:	എം.കൃഷ്ണകുമാർ, സംഗീത്രാജ് രമ്യ, സൗമ്യ, സുരഭി
വളണ്ടിയർ കൺവീനർ	:	കെ.രവീന്ദ്രൻ, ടി.ആർ. ജയപ്രകാശ്, മാതൃസമിതി
ക്ഷേത്രത്തിനകത്തെകാര്യങ്ങൾ	:	സി.ഉണ്ണികൃഷ്ണൻ, പി.എൻ. പ്രകാശൻ
	:	കെ.വാസന്തി, ശിവപാർവ്വതി മാതൃസമിതി

ഓം നമ:ശിവായ

തിരുവാതിര-പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

സ്വാമിയേ..ശരണമയ്യപ്പ...



65-ാമത് ദേശവിളക്ക്

2026 ഡിസംബർ 19 ശനി

ഭക്തജനങ്ങളെ,

തലോർ ദേശത്തിന്റെ 65-ാമത് ദേശവിളക്ക് മഹോത്സവം 2026 ഡിസംബർ 19 (1202 ധനു 4) ശനിയാഴ്ച അമ്പലം പൂട്ടി വിപുലമായ ചടങ്ങുകളോടെ നടത്തുന്നു. അന്നേ ദിവസം വൈകീട്ട് 6.30ന് തലോർ എളങ്ങള്ളൂർ മനയിൽ നിന്നും എഴുന്നള്ളിച്ച് രാത്രി 9 മണിയോടുകൂടി ശ്രീ മഹാദേവന്റെ പടിഞ്ഞാറെ നടയിൽ എത്തി ചേരുന്നു. തദവസരത്തിൽ ഭക്തർക്ക് തിരുനടയിൽ പറ നിറയ്ക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഭക്തിസാന്ദ്രമായ സ്വാമി അയ്യപ്പന്റെ വിളക്കാഘോഷം ഭംഗിയായി നടത്തുന്നതിന് എല്ലാവരുടേയും സഹായ സഹകരണം അഭ്യർത്ഥിക്കുന്നു.

എന്ന് ആഘോഷ കമ്മിറ്റി.

ശാസ്താംപാട്ട് : തലോർ രാജൻ & കുറ്റുമുക്ക് ബ്രദേഴ്സ്

വഴിപാട് നൽകാവുന്നത്

എണ്ണ 1 ടിൻ...2000 രൂപ , എണ്ണ 1/2 ടിൻ...1000 രൂപ

പൂജാ ദ്രവ്യങ്ങൾ, പുഷ്പാലങ്കാരം, തിരുവസ്ത്രം, അലങ്കാര പറകൾ, ഭക്ഷണം

വൃശ്ചികം 1 മുതൽ 41 ദിവസം ശാസ്താവിന് നിറമാല, ചുറ്റുവിളക്ക് ഉണ്ടായിരിക്കുന്നതാണ്.

ദേശപ്പാട്ട്

തലോർ ദേശക്കാർ ചേന്ദംകുളങ്ങര ഭഗവതിക്ഷേത്രത്തിൽ നടത്തിവരാറുള്ള ദേശപ്പാട്ട് ഈ വർഷം 2026 ഡിസംബർ 24 ന് (1202 ധനു 9) വ്യാഴം വൈകീട്ട് 7ന്.

ഓം നമ:ശിവായ



തിരുവാതിര-പുണർതം

തിരുത്സവം



2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

യശ:ശരീരനായ ബ്രഹ്മശ്രീ പ്രൊഫ. വൈദ്യലിംഗ ശർമ്മയുടെ
അനുഗ്രഹാശ്ശിസുകളോടെ
യജ്ഞാചാര്യൻ രമണി സ്വാമിയുടെ മുഖ്യകാർമ്മികത്വത്തിൽ
തലോർ ശ്രീമഹാദേവക്ഷേത്ര സന്നിധിയിൽ



ശ്രീ വൈദ്യലിംഗ ശർമ്മ

ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം

2026 ഡിസംബർ 24 മുതൽ 31 വരെ.

" ജന്മാന്തരെ ഭവേൽപുണ്യം തദാ ഭാഗവതം ലഭേൽ "

പുണ്യാത്മൻ,

ഭക്തജനങ്ങൾക്കെന്നും അനുഗ്രഹം ചൊരിയുന്ന തലോർ ശ്രീമഹാദേവക്ഷേത്ര സന്നിധിയിൽ 2026 ഡിസംബർ 24 വ്യാഴം മുതൽ 31 വ്യാഴം ഉൾപ്പെടെ (1202 ധനു 9 മുതൽ 16 ഉൾപ്പെടെ) ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം നടക്കുന്നു. പ്രഗത്ഭനും പ്രതിഭാശാലിയും ഏറെ പ്രശസ്തനുമായ ശ്രീ രമണി സ്വാമിയാണ് മുഖ്യ യജ്ഞാചാര്യൻ.

പുണ്യം ലഭിക്കുവാൻ ഭാഗവതത്തേക്കാൾ മഹത്തായ മറ്റൊന്നുമില്ല. മരണ ഭയത്തിൽ നിന്ന് മുക്തി നേടാനുള്ള അമൃത് കൂടിയാണ് ഭാഗവത സപ്താഹ ശ്രവണം. അഹങ്കാരം, വിദ്വേഷം, സ്വാർത്ഥത തുടങ്ങിയ മാലിന്യങ്ങൾ തുടച്ചുനീക്കി സ്നേഹത്തിന്റേയും, സഹനശക്തിയുടേയും തെളിനീരൊഴുക്കുവാൻ ഭാഗവത പാരായണം നമ്മെ പ്രാപ്തരാക്കുന്നു. കലികാല കൽമഷങ്ങളെ അകറ്റി മന: ശുദ്ധിയും, ശാന്തിയും നൽകുന്ന ഈ യജ്ഞത്തിൽ എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യവും, സഹായ സഹകരണവും സാദരം ക്ഷണിച്ചുകൊള്ളുന്നു.

സമാപന ദിവസം **അമൃത ഭോജനം** ഉണ്ടായിരിക്കുന്നതാണ്.

ശിവക്ഷേത്ര സേവാസമിതി-തലോർ



ശ്രീ രമണിസ്വാമി

ഓം നമഃശിവായ

തിരുവാതിര-പുണർതം

തിരുവുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)



ശിവം ശിവകരം ശാന്തം
ശിവമയമാനം ശിവോത്തമം
ശിവമാർഗ്ഗ പ്രണേതാരം
പ്രണതോസ്മി സദാശിവം.

2026 ഡിസംബർ 19 ശനി
(1202 ധനു-4 രേവതി)

രാവിലെ 8ന് **ശാസ്താവിന് പ്രത്യേക പൂജ**
വൈകിട്ട് **തലോർ ദേശവിളക്ക്**

2026 ഡിസംബർ 20 ഞായർ
(1202 ധനു-5 അശ്വതി)

രാവിലെ 8ന് **ഗണപതിക്ക് പ്രത്യേക പൂജ**
8.30 ന് **സർവൈശ്വര്യ പൂജ**
വൈകിട്ട് 6.30ന് **സാംസ്കാരിക സന്ധ്യ**
ഉദ്ഘാടനം: **ശ്രീ ഇ.വി. കൃഷ്ണൻ നമ്പൂതിരി**
വൈകിട്ട് 7ന് **നൂപുരധ്വനി**

2026 ഡിസംബർ 21 തിങ്കൾ
(1202 ധനു-6 ഭരണി)

രാവിലെ 8ന് **ശങ്കരനാരായണന് പ്രത്യേക പൂജ**
വൈകിട്ട് 6.30ന് **ചിന്മയാമൃതം ഭജൻസ്**
അവതരിപ്പിക്കുന്ന ഭജൻസന്ധ്യ

2026 ഡിസംബർ 22 ചൊവ്വ
(1202 ധനു-7 കാർത്തിക)

രാവിലെ 8ന് **ഭദ്രകാളിയ്ക്ക് പ്രത്യേക പൂജ**
വൈകിട്ട് 6.30 ന് **ചാക്യാർകൂത്ത്,**
അവതരണം: ഡോ. കലാമണ്ഡലം ചാരുഅഗരു
വൈകിട്ട് 7 ന് **പൂമൂടൽ**

2026 ഡിസംബർ 23 ബുധൻ
(1202 ധനു-8 അോഹിണി, മകീര്യം)

രാവിലെ : **വസോർധാര**
വൈകിട്ട് 6.30
ഡബിൾ തായമ്പക അവതരണം
കലാമണ്ഡലം രതീഷ് & കലാനിലയം സനീഷ്

2026 ഡിസംബർ 24 വ്യാഴം
(1202 ധനു-9 തിരുവാതിര)

രാവിലെ 9ന് **ശ്രീഭൂതബലി**
ദേവീ – ദേവന്മാരെ
പുറത്തേക്കെഴുന്നെള്ളിപ്പ്
വൈകിട്ട് 5.30 ന്
ഭാഗവത സപ്താഹം മാഹാത്മ്യം
വൈകിട്ട് 6.30 ന് **തിരുവാതിരക്കളി**
രാത്രി തിരുവാതിര ഉറക്കമൊഴിപ്പ്

2026 ഡിസംബർ 25 വെള്ളി
(1202 ധനു-10 പുണർതം)

രാവിലെ 6ന് **ഭാഗവത സപ്താഹം**
രാവിലെ 9ന് **ശ്രീഭൂതബലി**
ദേവീ-ദേവന്മാരെ പുറത്തേക്കെഴുന്നെള്ളിപ്പ്
വൈകിട്ട് 6.30ന് കുട്ടികൾ അവതരിപ്പിക്കുന്ന
വിവിധ കലാപരിപാടികൾ



ശ്രീ കേരള കലാക്ഷേത്രം അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ് അവതരിപ്പിക്കുന്ന
നൂപുരധ്വനി

എല്ലാദിവസവും
രാവിലെ 6 ന് അലങ്കാര ദർശനം, ഗണപതിഹോമം
ഉച്ചപൂജയ്ക്ക് ശേഷം മഹാനിവേദ്യ വിതരണം

ഡബിൾ തായമ്പക
അവതരണം
കലാമണ്ഡലം രതീഷ് &
കലാനിലയം സനീഷ്



ചിന്മയ മിഷൻ, തൃശ്ശൂർ
ചിന്മയാമൃതം ഭജൻസ്

ഓം നമ:ശിവായ

തിരുവാതിര-പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

വസോർധാര

ശ്രീരുദ്ര ഹോമം, ശ്രീരുദ്രാഭിഷേകം

2026 ഡിസംബർ 23 ബുധനാഴ്ച

തിരുവാതിര -പുണർതം തിരുവുത്സവത്തോടനുബന്ധിച്ച് 2026 ഡിസംബർ 23 ബുധനാഴ്ച ബ്രഹ്മശ്രീ മൂലേ പെരുമ്പടപ്പ് ദാമോദരൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ 11 വൈദികരുടെ മന്ത്രോച്ചാരണത്താൽ വസോർധാര ക്ഷേത്രത്തിൽ നടത്തപ്പെടുന്നു. കലിയുഗത്തിൽ മാനവരനുഭവിക്കുന്ന ദുരിതങ്ങൾക്ക് ശമനത്തിനും, സർവ്വൈശ്വര്യങ്ങൾക്കും വേണ്ടി നടത്തുന്ന പവിത്രമായ ഈ ചടങ്ങിൽ പങ്കെടുത്ത് ഭഗവാന്റെ അനുഗ്രഹാശിസ്സുകൾക്ക് പാത്രീഭൂതരാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചു കൊള്ളുന്നു.

വസോർധാരയോടുകൂടി ശ്രീരുദ്രഹോമവും, ശ്രീരുദ്രാഭിഷേകവുമാണ് നടക്കുന്നത്. നല്ലെണ്ണ, പഞ്ചഗവ്യം, പഞ്ചാമൃതം, നെയ്യ്, പാൽ, തൈര്, തേൻ, കരിമ്പിൻ നീര്, ചെറുനാരങ്ങ നീര്, ഇളനീര്, അഷ്ടഗന്ധജലം തുടങ്ങി 11 ദ്രവ്യങ്ങൾ കൊണ്ട് ശ്രേഷ്ഠമായ 11 വൈദീകർ ചേർന്ന് കാർമ്മികത്വം വഹിക്കുന്ന അതിവിശിഷ്ടമായ ഈ ചടങ്ങിൽ പങ്കെടുക്കുവാൻ എല്ലാ ഭക്തജനങ്ങളേയും സഹർഷം സ്വാഗതം ചെയ്യുന്നു.

ഈ ചടങ്ങിന് കുടുംബത്തിൽ എല്ലാവർക്കും വഴിപാട് നൽകാവുന്നതാണ്. ഒരു വ്യക്തിയുടെ പേരിൽ വഴിപാട് കഴിക്കുന്നതിന് 200/ രൂപ രശീതി എടുക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ക്ഷേത്രവുമായി ബന്ധപ്പെടുക!
ഫോൺ : 0487 2082550, 8921970414



ഓം നമ:ശിവായ



തിരുവാതിര-പുണർതം തിരുനാൾ



2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)

സർവ്വൈശ്വര്യങ്ങൾക്കായ് തിരുനടയിൽ പറനിറയ്ക്കൽ

തിരുവാതിര-പുണർതം തിരുവുത്സവനാളുകളിൽ ഭക്തജനങ്ങൾക്ക് തിരുനടയിൽ വിവിധ ദ്രവ്യങ്ങളാൽ പറനിറയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. നെല്ല്, അരി, മലർ, അവിൽ, ശർക്കര, പഞ്ചസാര, പഴം, നാളികേരം, മഞ്ഞൾ, എള്ള്, പൂവ്, നാണയം തുടങ്ങി 12 ദ്രവ്യങ്ങൾ കൊണ്ടാണ് പറനിറക്കുന്നത്. കുടുംബത്തിന്റെ സമ്പൽ സമൃദ്ധിക്കു വേണ്ടിയാണ് നെൽപ്പറയും, അരിപ്പറയും നിറക്കുന്നത്. ഗണപതി പ്രീതിക്കു വേണ്ടിയാണ് അവിൽ, മലർ, ശർക്കര, പഴം, നാളികേരം എന്നീ ദ്രവ്യങ്ങളാൽ പറനിറക്കുന്നത്. മനസ്സിനിണങ്ങിയ മംഗല്യഭാഗ്യവും, സന്തുഷ്ടമായ വിവാഹ ജീവിതവും സാധ്യമാകുന്നതിന് മഞ്ഞൾപറ നിറക്കുന്നു. മഹാലക്ഷ്മിയെ പ്രീതിപ്പെടുത്തി ജീവിതത്തിലെ സാമ്പത്തിക പ്രതിസന്ധികൾ അകറ്റുന്നതിന് വേണ്ടിയാണ് നാണയപ്പറ നിറയ്ക്കുന്നത്.

എന്ന് ശിവക്ഷേത്ര സേവാസമിതി-തലോർ



പറ നിറയ്ക്കൽ

1. നെല്ല് (ധാന്യസമൃദ്ധിക്ക്) ..... 200 രൂപ
2. അരി (ധാന്യസമൃദ്ധിക്ക്) ..... 200 രൂപ
3. പഞ്ചസാര (ദേവീപ്രീതിക്ക്)..... 200 രൂപ
4. കുവളപ്പറ (ദേവീ-ദേവ പ്രീതിക്ക്)... 100 രൂപ
5. മഞ്ഞൾ (മംഗല്യ ഭാഗ്യത്തിന്) ..... 300 രൂപ
6. എള്ള് (ശനിദോഷം തീരുവാൻ) ... 300 രൂപ
7. ശർക്കര (ഗണപതി പ്രീതിക്ക്) ..... 200 രൂപ
8. അവിൽ (ഗണപതി പ്രീതിക്ക്) ..... 150 രൂപ
9. മലർ (ഗണപതി പ്രീതിക്ക്) ..... 100 രൂപ
10. പഴം (ഗണപതി പ്രീതിക്ക്) ..... 100 രൂപ
11. നാളികേരം (ഗണപതി പ്രീതിക്ക്) 150 രൂപ
12. നാണയം (മഹാലക്ഷ്മി പ്രീതിക്ക്) 500 രൂപ

ഓം നമ:ശിവായ



തിരുവാതിര-പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)



വിശേഷാൽ പൂജ, പൗർണ്ണമി പൂജ, ഉമാമഹേശ്വര പൂജ

ഭക്തജനങ്ങളെ,

ശ്രീമഹാദേവന്റെയും ശ്രീപാർവ്വതി ദേവിയുടെയും ചൈതന്യം നിറഞ്ഞു നിൽക്കുന്ന തലോർ ശ്രീമഹാദേവ ക്ഷേത്രത്തിൽ എല്ലാമാസവും പൗർണ്ണമി നാളിൽ തന്ത്രിയുടെ കാർമ്മികത്വത്തിൽ ഉമാമഹേശ്വര പൂജയും, പൗർണ്ണമി പൂജയും നടത്തിവരുന്നു.

2002 ഡിസംബർ മാസത്തിൽ തുടങ്ങിയ വിശേഷാൽ പൂജകൾക്ക് വഴിപാട് കഴിക്കുന്ന ഭക്തജനങ്ങൾ ഏറെയാണ്. ജാതക പ്രകാരമോ, മറ്റു ജന്മനക്ഷത്ര ദോഷങ്ങൾ മൂലമോ ഉള്ള വിവാഹതടസ്സം നീങ്ങി നല്ല വിവാഹ ബന്ധം ലഭിക്കുന്നതിന് വേണ്ടിയും, വിവാഹിതരായവർക്ക് സർവ്വൈശ്വര്യങ്ങളോടെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനും, ദേവീ-ദേവ കൃപാ കടാക്ഷങ്ങൾ വേണ്ടുവോളം ലഭിക്കുന്നതിനും കൂടിയാണ് ഉമാമഹേശ്വര പൂജ നടത്തുന്നത്. ഐശ്വര്യ വർദ്ധനവിനും, സമ്പൽ സമൃദ്ധിയ്ക്കും, സന്തോഷപ്രദമായ വിവാഹ ജീവിതത്തിനും വേണ്ടിയാണ് പൗർണ്ണമി പൂജ. ദീപാരാധനക്ക് ശേഷമാണ് ഈ പൂജകൾ നടത്തുന്നത്. വഴിപാടിന് എത്തുന്നവർ വൈകിട്ട് 6ന് ക്ഷേത്രത്തിൽ എത്തിചേരേണ്ടതാണ്. എല്ലാ ഭക്തജനങ്ങൾക്കും ശ്രീമഹാദേവന്റെയും, ശ്രീപാർവ്വതി ദേവിയുടെയും അനുഗ്രഹം ലഭിക്കുമാറാകട്ടെ!

1202 ചിങ്ങം മുതൽ 1202 കർക്കിടകം ഉൾപ്പെടെയുള്ള മാസങ്ങളിലെ പൗർണ്ണമി പൂജയുടെ ദിവസങ്ങൾ


മലയാളം തിയ്യതി	ഇംഗ്ലീഷ് തിയ്യതി	ദിവസം
1202 ചിങ്ങം - 11	2026 ആഗസ്റ്റ് - 27	വ്യാഴം
1202 കന്നി - 10	2026 സെപ്തംബർ - 26	ശനി
1202 തുലാം - 08	2026 ഒക്ടോബർ - 25	ഞായർ
1202 വൃശ്ചികം - 08	2026 നവംബർ - 24	ചൊവ്വ
1202 ധനു - 08	2026 ഡിസംബർ - 23	ബുധൻ
1202 മകരം - 08	2027 ജനുവരി - 22	വെള്ളി
1202 കുംഭം - 08	2027 ഫെബ്രുവരി - 20	ശനി
1202 മീനം - 08	2027 മാർച്ച് - 22	തിങ്കൾ
1202 മേടം - 06	2027 ഏപ്രിൽ - 20	ചൊവ്വ
1202 ഇടവം - 05	2027 മെയ് - 19	ബുധൻ
1202 മിഥുനം - 03	2027 ജൂൺ - 18	വെള്ളി
1202 കർക്കിടകം - 02	2027 ജൂലായ് - 18	ഞായർ

ഓം നമ:ശിവായ

തിരുവാതിര-പുണർതം

തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)



പ്രദക്ഷിണ വഴി നവീകരണം

ക്ഷേത്രത്തിലെ പ്രദക്ഷിണ വഴി കാലാനുസൃതമായി നവീകരിക്കേണ്ട സ്ഥിതിയിലാണ്. കൃഷ്ണ ശിലയിൽ പുതുക്കി പണിയുന്നതിന് ഏകദേശം **20 ലക്ഷം** രൂപ ചിലവ് കണക്കാക്കുന്നു. ശിവക്ഷേത്ര സേവാസമിതിയോടൊപ്പം ഭക്തജനങ്ങളുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ശില ഒന്നിന് 5000/രൂപ, സ്ക്വയർ ഫീറ്റ് 600/രൂപ

നൽകി ഈ സംരംഭത്തിൽ പങ്കാളികളായി ഇത് സാക്ഷാത്കരിക്കുവാൻ എവരെയും സദയം ക്ഷണിച്ചു കൊള്ളുന്നു.

സർവ്വൈശ്വര്യ പൂജ

2026 ഡിസംബർ 20 ഞായർ രാവിലെ 8.30ന് പാർവ്വതി ദേവിയുടെ തിരുനടയിൽ വെച്ച് കുടുംബ ഐശ്വര്യത്തിനും, ഉദ്ദിഷ്ടകാര്യസിദ്ധിക്കും വേണ്ടി നടത്തപ്പെടുന്നു. സർവ്വൈശ്വര്യ പൂജയിൽ എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പൂജയ്ക്ക് വരുന്നവർ നിലവിളക്കും, നാക്കിലയും കൊണ്ടു വരേണ്ടതാണ്.

ഭക്ത്യാദരപൂർവ്വം

ശിവക്ഷേത്ര സേവാസമിതി-തലോർ



ഓം നമ:ശിവായ



തിരുവാതിര-പുണർതം
തിരുത്സവം

2026 ഡിസംബർ 19 ശനി മുതൽ 25 വെള്ളി ഉൾപ്പെടെ
(1202 ധനു 4 മുതൽ 10 ഉൾപ്പെടെ)



ആണ്ടുവിശേഷങ്ങൾ

ചിങ്ങം : അഷ്ടമിരോഹിണി, ശങ്കരനാരായണന് മുഴുക്കാപ്പ്, ചന്ദനം ചാർത്തൽ, വിനായക ചതുർത്ഥി

കന്നി : നവരാത്രി, പൂജവെപ്പ്, എഴുത്തിനിരുത്തൽ, ആയില്ല്യപൂജ, നൂറും-പാലും വഴിപാട്

വൃശ്ചികം : ശാസ്താവിന് മണ്ഡലം 41 ദിവസം ചുറ്റുവിളക്ക്.

ധനു : തിരുവാതിര-പുണർതം തിരുവുത്സവം 7 ദിവസം, ശ്രീമദ് ഭാഗവതസപ്താഹ യജ്ഞം

കുംഭം : മഹാശിവരാത്രി 3 ദിവസത്തെ ആഘോഷപരിപാടികൾ.

മീനം : ഇറക്കിപൂജ (ചക്കംകുളം, ചിറ്റിച്ചാത്തക്കുടം, തൈക്കാട്ടുശ്ശേരി എന്നീ ദേവീ ദേവന്മാർക്ക്)
ഈ ചടങ്ങ് ചെറിയമേളത്തോടുകൂടി പൂരമായി നടത്തിവരുന്നു.

മേടം : വിഷുക്കണി, പൂയ്യം നാളിൽ പ്രതിഷ്ഠാദിനം, ശ്രീമഹാദേവന് കളഭാഭിഷേകം
ശ്രീഭൂതബലി, ചതു:ശ്ലോകം, അന്നദാനം

മിഥുനം : പുണർതം നക്ഷത്രത്തിൽ ശ്രീപാർവ്വതിദേവിയുടെ 6-ാം മാസപിറന്നാൾ വിശേഷാൽ പൂജകൾ
മഹാനിവേദ്യപ്രസാദ വിതരണം, വൈകിട്ട് നിറമാല, സമ്പൂർണ്ണ ചുറ്റുവിളക്ക്

കർക്കിടകം : 1-ാം തിയ്യതി മുതൽ 41 ദിവസം ഉമാമഹേശ്വരന്
നിറമാല, ത്രികാല പൂജ, മുപ്പട്ട് വെള്ളിയാഴ്ച അഷ്ടദ്രവ്യ മഹാഗണപതി ഹോമം. ചുറ്റുവിളക്ക്

എല്ലാമാസവും തിരുവാതിര നക്ഷത്രത്തിൽ
ശ്രീമഹാദേവന് തിരുവാതിര ഊട്ട് ഉണ്ടായിരിക്കുന്നതാണ്.

എല്ലാമാസവും പൗർണ്ണമി ദിവസം തന്ത്രിയുടെ കാർമ്മികത്വത്തിൽ
പൗർണ്ണമി പൂജയും, വിശേഷാൽ ഉമാമഹേശ്വരപൂജയും നടത്തി വരുന്നു.

എല്ലാ മുപ്പട്ടു വ്യാഴാഴ്ചയും ശങ്കരനാരായണന് ചന്ദനം ചാർത്തൽ
ഇടിച്ചുപിഴിഞ്ഞ് പായസവും, നാരായണീയ പാരായണവും ഉണ്ടായിരിക്കുന്നതാണ്.

